# ചെരാത്



ലിറ്റിൽ കൈറ്റ്സ്

ഗവ. ഹയർ സെക്കന്ററി സ്കൂൾ കോയിക്കൽ

# സന്ദേശം

കോയിക്കൽ ഗവ.ഹയർ സെക്കന്ററി സ്ക്കൂളിലെ
ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് നേതൃത്വം കൊടുത്ത്
ഈ വർഷവും ഒരു ഡിജിറ്റൽ മാസിക
തയ്യാറാക്കിയെന്നറിഞ്ഞതിൽ വലിയ സന്തോഷം.
സാങ്കേതികവിദ്യയുടെ ചട്ടക്കൂടിൽ നിന്നു കൊണ്ട്
വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾക്ക്
പ്രോത്സാഹനം നല്കാൻ കഴിയുന്നത്
ഏറെ അഭിനന്ദനാർഹമായ കാര്യമാണ്.
പാഠാലയത്തിന്റെ ഇളം മനസ്സിലെ വെളിച്ചം
ഊതി ഊതി തെളിക്കുവാൻ
ഈ ചെരാതിനു കഴിയട്ടെ.
ഈ ചെറിയ കാൽവയ്പ്പ് വലിയൊരു
നേട്ടത്തിന്റെ നാന്ദിയാകട്ടെ.
നാളെ ഈ സമൂഹത്തിന്റെ
വഴിവെളിച്ചമാകാൻ ഇത്തരം
പ്രയത്നങ്ങൾക്കു കഴിയും.



**എം.പി.അനിൽ**

**പി.ടി.എ.പ്രസിഡന്റ്**

# ആശംസകൾ

ചെരാത് എന്ന പേരിൽ കോയിക്കൽ ഗവ. ഹയർ സെക്കന്ററി
സ്കൂളിൽ നിന്ന് ഒരു ഡിജിറ്റൽ മാസിക പ്രസിദ്ധീകരിക്കുകയാണ്.
സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് നേതൃത്വം
കൊടുത്തു കൊണ്ടാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്.
ഇ-റീഡിംഗിന്റെ പുതിയ കാലത്ത്
ഇങ്ങനെ ഒരു സംരംഭത്തിന് മുൻകൈയെടുത്ത
ഇതിന്റെ അണിയറ ശില്പികൾക്ക് എല്ലാവിധഭാവുകങ്ങളും നേരുന്നു.
കുട്ടികൾക്ക് അവരുടെ സാഹിത്യവാസനകളെ
പരിപോഷിപ്പിക്കാൻ ഒരു സുവർണ്ണാവസരമാണ്
ഇതിലൂടെ കൈവന്നിരിക്കുന്നത്.
ചെരാതിന് എല്ലാവിധ ആശംസകളും നേരുന്നു.



**മാത്യൂസ് എസ്**

ഹെഡ്മാസ്റ്റർ

# എഡിറ്റോറിയൽ

പ്രിയമുള്ളവരേ,
വളരെ ചുരുങ്ങിയ സമയം കൊണ്ട്
ഒരു മാസിക തയാറാക്കിയിരിക്കുകയാണ്.
വളരെ പോരായ്മകളുണ്ടെന്ന് ഞങ്ങൾക്ക്
നല്ലവണ്ണമറിയാം.◌ുതുന്നതിനേക്കാൾ എത്രയേറെ
പ്രയാസമേറിയതാണ് ഡി.റ്റി.പി.തയ്യാറാക്കൽ
എന്ന് ഞങ്ങൾക്ക്ബോധ്യപ്പെട്ടു.
എങ്കിലും അത് മാസികയായി പ്രകാശം
കാണമ്പോഴുണ്ടാകുന്ന ചാരിതാർത്ഥ്യം
എത്രമാത്രമാണെന്ന് പറഞ്ഞറിയിക്കാൻ വയ്യ!
ഒരുപാട് കൂട്ടുകാരുടെയും അദ്ധ്യാപകരുടെയും
പ്രയത്നത്തിന്റെ ഭലമാണ് ഈ **'ചെരാത്'**
ഇനി ഇത് നിങ്ങളുടേതാണ്.
ഞങ്ങളുടെ ഈ ചെറിയ ഉദ്യമത്തെ
അനുഗ്രഹിക്കുക, ആശീർവദിക്കുക...

സ്നേഹബഹുമാനങ്ങളോടെ,

എഡിറ്റർ



ആദിത്യ സുനിൽ
( 9 A )



# എഡിറ്റോറിയൽ ബോർഡ്

ഉപദേശകസമിതി : ശ്രീ. അനിൽ എം.പി. (പി.ടി.എ. പ്രസിഡന്റ് )

ശ്രീ. അനിൽ നാരായണൻ (എസ്.എം.സി. ചെയർമാൻ )

ശ്രീ. മാത്യൂസ് എസ്. ( ഹെഡ്മാസ്റ്റർ )

ശ്രീ. രാജു എസ്. (കൈറ്റ് മാസ്റ്റർ )

ശ്രീമതി. രജി ബി.എസ്. (കൈറ്റ് മിസ്ട്രസ്സ് )

## <u>ഡി.ടി.പി. - രൂപകല്പന - ഫോട്ടോ</u>

1. ആസിഫ് എം. ( )
2. ബിബിൻ ബി ( )
3. ഹസൻ ഷാ ( )
4. ആദിത്യ സുനിൽ ( )
5. രാഖികൃഷ്ണൻ ടി ( )
6. മീനാക്ഷി ( )
7. അൻഷാ ജോൺ ( )
8. ശ്രീലക്ഷ്മി പി ( )

കവിത
സാന്ദ്ര എസ് കുമാർ ( 8A)

# പ്രളയം തന്ന പാഠം

മഴ തന്ന പ്രളയമൊരു കൊടും പ്രളയം

പ്രളയത്തിനെതിരെ പോരാടാം നമ്മൾ

വലിയവർ ചെറിയവർ ഒത്തൊരു പ്രളയം

പ്രളയക്കെടുതികൾ തടയാം നമുക്കിനി

മഴ വന്നു മൂടിയ പ്രളയത്തിനെതിരെ

ഒരുമയോടൊത്തൊരു കൂട്ടായ്മ നമ്മൾ

ഇനി ഇല്ല ഇനി ഇല്ല പ്രളയമിനിയില്ല

പ്രണയത്തിനെതിരെ ഒന്നാകാം നമ്മൾ

വീടുകൾ ഫ്ളാറ്റുകൾ ഒഴുകിയ പ്രളയം

മനുഷ്യജീവനുകൾ മരണത്തുടിപ്പായ്

വലിയൊരു കൂട്ടായ്മയാണിനി വേണ്ടത്

പണമില്ലെന്ന് പറഞ്ഞ് പരിഹസിച്ച്

വലിയവരാണ് നിങ്ങൾ നടിച്ചു

പ്രളയംതകർത്തതൊരു നാടിന്റെ സ്വപ്നം

ഇനി നമ്മൾ തീർക്കുന്ന പുതിയ സ്വപ്നം

* * * * *



കുറിപ്പ്

നന്ദന എസ് (8 A)

# വിശപ്പ്

ഒരു നേരത്തെ ആഹാരത്തിനു വേണ്ടി അലയുന്ന പിഞ്ചു കുഞ്ഞുങ്ങൾ. റോഡരികിൽ കിടക്കുന്ന ഭക്ഷണാവശ്ഷ്ടങ്ങൾ എടുത്ത് കഴിക്കുന്നതു കാണാം. ഒരു നാൾ നമ്മളും ഇതിൽ അകപ്പെടും. വിശപ്പിൽ കഷ്ടപ്പെടുമ്പോൾ നമ്മൾ നമ്മളെഎത്തന്നെ മറക്കുന്നു. റോഡരികിൽ കിടക്കുന്ന നായ്ക്കളെ പോലെ നമുക്ക് നമ്മെ തന്നെ കടിച്ചു കീറാൻ തോന്നും. പക്ഷേ നമുക്ക് മൂന്നു നേരത്തെ ആഹാരത്തിനു വേണ്ടി അലയേണ്ടതില്ല. കാരണം ഇപ്പോഴത്തെ കാലം അങ്ങനെയാണ്.

നമ്മൾ ദിവസവും പാഴാക്കുന്ന ഭക്ഷമം എത്രമാത്രമാണ്. പാഴാക്കുന്ന ഓരോ മണിച്ചെറും കാത്തിരിക്കുന്ന എത്രയെത്ര കുഞ്ഞുങ്ങൾ! അവരെ മരണത്തിലേക്ക് തള്ളിവിടാതെ രക്ഷിക്കാൻ നമുകക് കഴിയില്ലേ? എല്ലാ മനുഷ്യരും ധാരാളം ഭക്ഷണം പാഴാക്കി ദിവസവും കുപ്പത്തൊട്ടിയിൽ തള്ളുന്നുണ്ട്. ആ പിഞ്ചുകുഞ്ഞുങ്ങളുടെ രോധനം കേൾക്കുമ്പോൾ തന്നെ നമ്മൾ ഓർക്കണം നാളെ നമുക്കും ഇത്തരത്തിൽ ഒരു ദുർവിധി വന്നുകൂടായ്കയില്ല! കരുന്നു കുഞ്ഞുങ്ങളുടെ കണ്ണിൽ നിന്ന് ഒരു തുള്ളി കണ്ണീരു പോലും ഈ ഭൂമിയിൽ വീണുകൂടാ. അവരുടെ നിലവിളി കേൾക്കാതെ നമുക്ക് നമുക്ക് മുന്നോട്ടു പോകാനൊക്കുമോ?

പക്ഷേ, ഈ ലോകം വിശപ്പിന്റെ വില മനസ്സിലാക്കുന്നില്ല. ഒരു പൊതിച്ചോറ് ആ വിശന്ന കൈകളിലേക്ക് വച്ചു കൊടുക്കാൻ നമ്മെ ഇന് ആരാണ് പഠിപ്പിക്കേണ്ടത്? പാഴാക്കുന്ന അന്നം അവന്റെ കൈകളിലേക്കു നല്കിക്കൂടേ? അന്നം ദൈവമാണെന്നല്ലേ എല്ലാവരും പറയുന്നത്. അതു പാഴാക്കാമോ?

* * * * *



**കവിത**

**ആർച്ച ആർ (5 B)**

# കുട്ടിക്കാലം

അതിമനോഹരമായ എന്റെ കുട്ടിക്കാലമേ
അതിരറ്റു സ്നേഹിച്ച എന്റെ കുട്ടിക്കാലമേ
മരമൂട്ടിൽ കളിചിരി പറഞ്ഞ എന്റെ കുട്ടിക്കാലമേ
മഴപെയ്തു നനഞ്ഞ എന്റെ കുട്ടിക്കാലമേ
അടിപിടി കൂടിയ എന്റെ കുട്ടിക്കാലമേ

കൈയിൽ വളയിട്ട് കാലിൽ കൊലുസ്സിട്ട്
ആർത്തുല്ലസിച്ച കുട്ടിക്കാലത്തെ ഞാനോർക്കുന്നു
അമ്മയുടെ താരാട്ടു പാട്ടിന്റെ മാധുര്യവും
അച്ഛന്റെ കൈകളിൽ കൊഞ്ചിപ്പറഞ്ഞതും
ഞാനിന്നുമെല്ലാം ോർക്കുന്നുവല്ലോ.

* * * * *



ESSAY
DAYA S  (5 B)

# POLLUTION IN KERALA

*Today, our Kerala is suffering from many problems. The main problem is pollution. In Kerala many of the pollution is made by vehicles. We are wasting food and throwing it into roadsides. Many people come for cleaning and fire the waste. During burning of waste the smoke comes out makes air pollution. In vehicles also smoke is coming out. This is also cause air pollution. But in Kerala pollution is bigger . Because we use two or three vehicles in one family and in the whole families use lakhs and crores of vehicles. When the use of vehicles increases the full Kerala will have to suffer in the pollution. Many of the smokes from vehicles causes diseases. So we must be careful and use one vehicle in a family.*

* * * * *



കഥ

ദേവിക ആർ (10A)

# എന്റെ സഖാവ്

പ്രകൃതിയെ വരവേൽക്കുന്ന ചെറു മഴയേകും കുളിർത്തുള്ളികൾ കൈകളിലേന്തി അവൾ കാതോർത്തു നിൽക്കുകയായിരുന്നു. തൻറെ പ്രാണനായ തോഴനേയും കാത്ത്...ജീവിതത്തിൻറെ ഈ നിമിഷത്തിൽ അവൾ അവനെ ആഗ്രഹിക്കുന്നു. അവൻ അരികിൽ ഉണ്ടാവണമെന്ന്.

ജനലരികിൽ മിന്നാമിന്നി വെട്ടം. ആ വെളിച്ചത്തിലൂടെ അവൾ അവനെ പരതി. അപ്പോഴാണ് അവൾ അവനെ കണ്ടത്. ചന്ദ്രന്റെ സഖിയായ പുഴയിലൂടെ അവൻ തോണി തുഴഞ്ഞ് വരുന്നു. ഓളങ്ങളിലൂടെ തെന്നി വരുന്ന തോണി. തോണിയിലിരുന്ന് പുഞ്ചിരി പൊഴിക്കുന്ന എന്റെ സഖാവ്! ഓളങ്ങൾ എന്നെ മാടി വിളിക്കുന്നു... എനിക്കൊന്നും പറയാൻ കഴിയുന്നില്ല.

പെട്ടെന്ന് കാറ്റ് ആഞ്ഞുവീശി. തോണി വെള്ളത്തിൽ മറിയുന്നു. അത് താണു താണു പോകുന്നു...


പെട്ടെന്ന് അവൾ കണ്ണു തുറന്നു. അടുത്തു കിടന്ന കുഞ്ഞു കരയുന്നു. പെട്ടെന്ന് അവൾ കുഞ്ഞിനെ തൻറെ മാറിലേക്ക് ചേർത്തു പിടിച്ചു. താരാട്ടുപാട്ടുന്നുണ്ടെങ്കിലും കണ്ണുനീർത്തുള്ളി കവിളിലൂടെ ഒലിച്ചിറങ്ങുന്നുണ്ടായിരുന്നു. തൻറെ വിഷമങ്ങൾ ആരറിയാൻ.

അവൾ കുഞ്ഞിനെ നോക്കി. അവളൊന്നു പുഞ്ചിരിച്ചു. കുഞ്ഞ് ഉറങ്ങിക്കഴിഞ്ഞപ്പോൾ അവൾ എണീറ്റ് ജനലിനരുകിലെത്തി. ജനലിലൂടെ പുറത്തെ നിലാവിനെ നോക്കി നിന്നു.

കഴിഞ്ഞ കാലത്തിന്റെ ഓർമ്മകൾ തികട്ടിത്തികട്ടി വന്നു.

ഒരു കോളേജ് വരാന്ത. ഇവിടെയാണ് കഥ ആരംഭിക്കുന്നത്.

ഞാൻ നിധി. എൻറെ അമ്മയ്ക്കും അച്ഛനും നേർന്നു കിട്ടിയ ഏക മകളാണ് ഞാൻ. അതുകൊണ്ടാണ് എനിക്ക് അച്ഛൻ നിധി എന്ന പേര് നൽകിയത്. കുട്ടിക്കാലം മുതലേ എനിക്ക് വലിയ ആഗ്രഹങ്ങൾ ഒന്നും ഇല്ലായിരുന്നു. വിദ്യാഭ്യാസത്തിൽ വലിയ മെച്ചം ഒന്നുമില്ലായിരുന്നു.



എങ്ങനെയോ കോളേജിൽ പോകാൻ പറ്റി. കോളേജിൽ പോകാൻ ആദ്യമൊന്നും എനിക്ക് വലിയ താത്പര്യമില്ലായിരുന്നു. ഇതിലൂടെ നിങ്ങൾക്ക് മനസ്സിലാകും ഞാൻ കുരുത്തംകെട്ട മോൾ ആണെന്ന്. കോളേജ് വരാന്തയിലൂടെ ഞാൻ നടക്കുകയായിരുന്നു. പെട്ടെന്ന് ഒരു മൂർച്ചയുള്ള ശബ്ദം എന്റെ കാതുകളിലേക്ക് തുളച്ചുകയറി. പെട്ടെന്ന് ഞാൻ അവിടെ നിന്നു. ഒന്നു തിരിഞ്ഞു നോക്കി. അതിഗംഭീര തോടെ ഒരാൾ പ്രസംഗിക്കുന്നു. ഞാൻ അരികിലേക്ക് ചെന്നു. ആളുകളുടെ തിരക്കു കാരണം നിൽക്കാൻ കൂടി പറ്റുന്നില്ല. തന്റേടത്തോടെ പ്രസംഗിക്കുന്ന ഇദ്ദേഹം ആരായിരിക്കും? എന്തോ എനിക്ക് അദ്ദേഹത്തിനോട് ഒരു ആകർഷണം തോന്നി. പിന്നീടത് ആരാധനയായി. പിന്നീട് അദ്ദേഹത്തെ പറ്റി അന്വേഷിക്കാൻ തുടങ്ങി. വിപ്ലവത്തിൽ സൂചിയിൽ നിന്ന് കത്തുന്ന ആൾ.

എനിക്ക് പിന്നെയും അദ്ദേഹത്തിനോട് ആരാധന കൂടിക്കൂടി വന്നു. അതു പിന്നെ പ്രണയത്തിലേക്ക് വഴി തുറന്നു. തുറന്നു പറയാൻ പറ്റുന്നില്ല. കൂട്ടുകാർ എല്ലാം കളിയാക്കാൻ തുടങ്ങി.
എന്തായാലും ഒടുവിൽ തുറന്നു പറയാൻ തീരുമാനിച്ചു. പറഞ്ഞിട്ടേ കാര്യമുള്ളൂ. ഞാൻ അടുത്തേക്ക് ചെന്നു.

പെട്ടെന്ന് എൻറെ ധൈര്യമെല്ലാം എവിടെയൊക്കെയോ ചോർന്നുപോയി. ഞാൻ തിരിഞ്ഞുനടന്നു. പെട്ടെന്ന് അദ്ദേഹം എന്റെ പേരു വിളിച്ചു. ഞാൻ ഞെട്ടിപ്പോയി. ജീവിതത്തിൽ ഇത്രയും ഭീകരമായ നിമിഷം ഇന്നേവരെ ഉണ്ടായിട്ടില്ല. എന്തായാലും ഞാൻ അവിടെ നിന്നു.

"എന്താ കുട്ടിയെ ഞാൻ രണ്ടു നാളായി ശ്രദ്ധിക്കുന്നു. എന്താ കുട്ടിയുടെ പ്രശ്നം?"

എനിക്ക് നിൽക്കാൻ വയ്യ. കാലുകളും കൈകളും വിറയ്ക്കുന്നു. എന്തായാലും ഞാൻ കാര്യം തുറന്നു പറഞ്ഞു. ആദ്യം അദ്ദേഹം ചിരിച്ചു എന്നിട്ട് പറഞ്ഞു,



"നിനക്ക് എന്നെ പറ്റി വല്ലതും അറിയാമോ? ഞാൻ ഒരു പാർട്ടി പ്രവർത്തകനാണ്."

ഞാൻ പറഞ്ഞു, " എനിക്ക് അറിയാം, നല്ലോണം ആലോചിച്ചിട്ട് ഒരു തീരുമാനം എടുത്തു."

പിന്നീട് കുറച്ചുനാൾ കഴിഞ്ഞപ്പോൾ അദ്ദേഹം സമ്മതം മൂളി. ഞങ്ങളുടെ വീട്ടിൽ അറിയിച്ചു. അച്ഛന് തീരെ താൽപര്യമില്ലായിരുന്നു. അമ്മയുടെ നിർബന്ധത്തിൽ അച്ഛൻ സമ്മതിച്ചു. വിവാഹം കഴിഞ്ഞു. എൻറെ സഖാവ് ഒരു അച്ഛനാകാൻ പോകുകയാണ്.

അങ്ങനെ ഒരു രാത്രിയിൽ ഞാൻ അദ്ദേഹത്തിന്റെ മടിയിൽ ചാഞ്ഞു കിടക്കുകയായിരുന്നു. പെട്ടന്ന് ഒരു ഫോൺകോൾ വന്നു. എൻറെ സഖാവ് ചാടി എണീറ്റ് ഇതാ വരുന്നു എന്നു പറഞ്ഞു കൊണ്ട് അതിവേഗം ഇരുട്ടിലേക്ക് ഇറങ്ങിപ്പോയി...

എന്റെ സഖാവിനെ പിന്നെ ഞാൻ കാണുന്നത് കുത്തേറ്റ് ചോരയിൽ പുതകുളിച്ച കിടക്കുന്നതാണ്. എൻറെ മടിയിൽ കിടത്തി ഞാൻ അലറി വിളിച്ചു.

"ചേട്ടാ, ഏട്ടാ, എണീക്ക... ഞാനാ വിളിക്കുന്നേ"

പിന്നീട് എനിക്കൊന്നും ഓർമ്മയില്ല.

ഇല്ല എൻറെ സഖാവ് എന്നെ വിട്ടു പോയിട്ടില്ല എൻറെ സഖാവ് എൻറെ മോൾക്ക് ഒപ്പമുണ്ട്. ഇന്നും എന്റെ കൂടെയുണ്ട് എൻറെ സഖാവ്. എൻറെ സഖാവിന് എന്നെ വിട്ടു പോകാൻ പറ്റില്ല. ആ പ്രതീക്ഷയോടെ അവൾ കണ്ണുനീർ തുടച്ചു.

* * * * *



കവിത

അവന്തിക ബിനു ( 5 B )

# എൻറെ വിദ്യാലയം

എൻറെ വിദ്യാലയം എൻറെ വിദ്യാലയം
ഞാൻ പഠിക്കുന്ന എൻറെ വിദ്യാലയം

വിദ്യാലയം എൻറെ ആദ്യവിദ്യാലയം

നാമെല്ലാമക്ഷരം പഠിക്കുന്ന വിദ്യാലയം

വിദ്യാലയത്തിൽ മുന്നിൽ തന്നെ ഒരു

വലിയ വൃക്ഷമുണ്ട് വലിയൊരു മാവ്

എൻറെ വിദ്യാലയം എൻറെ വിദ്യാലയം

നല്ല നല്ല കാര്യങ്ങൾ പറയുന്ന വിദ്യാലയം

വിദ്യതന്ന എന്റെ ആദ്യവിദ്യാലയം

അമ്മയും അച്ഛനുമായ വിദ്യാലയം

നാമെല്ലാം വളർന്നു നിലയിൽ എത്താൻ

പ്രാർത്ഥിച്ചു നില്ക്കുന്ന നല്ല വിദ്യാലയം


കഥയും കവിതയും എഴുതുന്ന വിദ്യാലയം

എൻറെ വിദ്യാലയത്തിൽ പഠിപ്പിച്ച പാട്ടും

തിങ്കളും താരങ്ങളും തുള്ളിക്കളിച്ച വിദ്യാലയം

എൻറെ വിദ്യാലയം എൻറെ വിദ്യാലയം

ഞാൻ എന്നും ഓർക്കുന്നു എൻറെ വിദ്യാലയം



ഉപന്യാസം
സാന്ദ്ര എസ് കുമാർ ( 8A)

# കവളപ്പ റാ

## ഒരു ഗുണപാഠകഥ

പരിസ്ഥിതി എന്നത് നമ്മുടെ അമ്മയായിട്ടാണ് ഈ അടുത്തകാലം വരെ നമ്മൾ കണ്ടതും വിശ്വസിച്ചതും. പ്രകൃതിയെ മുൻതലമുറ പൊന്നു പോലെ സംരക്ഷിച്ചിരുന്നു. എന്നാൽ ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ വികസനമെന്ന പേരിൽ പരിസ്ഥിതിയെ പലരും ചൂഷണം ചെയ്യുകയാണ്. വികസനം വർദ്ധിച്ചുകൊണ്ടിരിക്കുന്നതു മൂലം പരിസ്ഥിതി നശിച്ചുകൊണ്ടിരിക്കുകയാണ്.

മരങ്ങളും കുന്നുകളും നദികളും തോടുകളും എല്ലാം നശിപ്പിച്ചു കൊണ്ടിരിക്കുകയാണ്. മനുഷ്യൻ തൻറെ അഹങ്കാരത്താൽ എല്ലാം ഒന്നടങ്കം ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണ്. പാഠങ്ങൾ പൊന്നുവിളയിച്ചിരുന്നിടത്ത് ഇപ്പോളെന്താണ കാണുന്നത്? വലിയ വലിയ ഫ്ലാറ്റുകൾ പൊക്കി കെട്ടിയിരിക്കുന്നു. പരിസ്ഥിതി നശിച്ചതോടെ ഭൂമിയുടെ ജൈവ സമൃദ്ധി ഇല്ലാതായി.

ഇതിനെല്ലാം തിരിച്ചടിയായി കേരളത്തിൽ മഹാപ്രളയം രൂപപ്പെടുകയും അതിൽ ധാരാളം നിഷ്കളങ്കമായ ജീവനുകൾ പൊലിഞ്ഞു പോവുകയും ചെയ്തു. കൂടാതെ മനുഷ്യർ കയ്യേറ്റം ചെയ്ത സ്ഥലങ്ങളും അവിടെ കെട്ടിപ്പൊക്കിയ പടുകൂറ്റൻ കെട്ടിടങ്ങളും പ്രളയം കൊണ്ടുപോയി. വികസനത്തിന്റെ പിറകേ പോയ മനുഷ്യന് ലാഭം നേടുന്നതിനു പകരം നഷ്ടമാണുണ്ടായത്. വിശ്വാസത്തിന്റെ പേരു പറഞ്ഞു കുന്നുകളിലും നദീതീരങ്ങളിലും പള്ളികളും ക്ഷേത്രങ്ങളും നിർമ്മിച്ചു. പ്രളയം വന്നപ്പോൾ രക്ഷിക്കാൻ ദൈവങ്ങളില്ല. ജാതിയും മതവും നോക്കാതെ കൈകോർത്തു നിന്ന് മനുഷ്യർ പുതിയ ശക്തി തെളിയിച്ചു. മഴപെയ്ത് വെള്ളത്തിന്റെ കരുത്തിനെ മനുഷ്യർ ഒറ്റക്കെട്ടായി നേരിട്ടു. ഒഴുക്കിനെതിരേ മനുഷ്യന്റെ ശക്തി.

ഇത്തവണ കവളപ്പാറയിലും പുത്തുമലയിലും മണ്ണൊലിപ്പിലൂടെ മഹാദുരന്തം നമ്മെ വേട്ടയാടി. വികസനം എന്നു പറഞ്ഞ് മനുഷ്യൻ തന്നെ രൂപപ്പെടുത്തുന്ന പ്രശ്നങ്ങളിൽ കുടുങ്ങുന്നത് മനുഷ്യൻ തന്നെയാണ്. വികസനമെന്നത് പ്രകൃതിയെ സംരക്ഷിക്കുന്നത് കൂടി ആകണമെന്ന് ഇതു നമ്മെ പഠിപ്പിക്കുന്നു. എന്നാൽ മനുഷ്യരിൽ ചിലരിപ്പോഴും വികസനം എന്നു പറഞ്ഞു പരക്കം പാഞ്ഞു കൊണ്ടിരിക്കുകയാണ്.

"വികസനം അതു മർത്ത്യ മനസ്സിന്നരികിൽ നിന്ന് തുടങ്ങണം"

എന്ന ഇഞ്ചക്കാട് ബാലചന്ദ്രന്റെ കവിതയുടെ യഥാർത്ഥമായ പൊരുൾ നമ്മൾ തിരിച്ചറിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നമ്മൾ പുതുതലമുറയെ വാർത്തെടുക്കേണ്ടത് നന്മയിലൂടെ ആകണം. അതിനാൽ വികസനം ഒരിക്കലും പരിസ്ഥിതിക്ക് ദോഷകരമായത് ആകരുത്.

* * * * *




കഥ

ധന്യപ്രിയ (10 A)

# കാത്തിരിപ്പ്

എല്ലാ ദിവസത്തെ പോലെ തന്നെ ഇന്നും ആ കടൽത്തീരത്ത് ആ സ്ത്രീ വന്നു. എന്താണെന്ന് അറിയില്ല, കലങ്ങിയ കണ്ണുകളും വറ്റിവരണ്ട ചുണ്ടും ആയിരുന്നു അവരുടേത്. ചിലപ്പോൾ അവരെ കാണുമ്പോൾ കടലമ്മയോട് കരഞ്ഞുകൊണ്ട് എന്തോ പറയുന്നതായി തോന്നും. ഏരെയോ തേടുന്നതു പോലെ തോന്നും. കടൽതീരത്ത് വന്നു കഴിഞ്ഞാൽ ഞാനവരെ ശ്രദ്ധിക്കും.

ഒരു ദിവസം ആ സ്ത്രീ പൊട്ടിക്കരഞ്ഞു കൊണ്ട് ഓടിവരുന്നതു കണ്ടു. എന്താണു കാര്യമെന്നു ഞാൻ അവരോടു ചോദിച്ചു. വിതുമ്പിക്കൊണ്ട് അവരെന്തോ പറഞ്ഞു. എനിക്ക് മനസ്സിലായില്ല. ഞാൻ വീണ്ടും ചോദിച്ചു, "എന്താണ് നിങ്ങളുടെ പ്രശ്നം?" കണ്ണിൽ നിന്നും കണ്ണുനീർ മാത്രമേ വന്നുള്ളൂ. ഒരക്ഷരം പോലും പുറത്തു വന്നില്ല. എനിക്കു മനസ്സിലായി, അവരുടെ കണ്ണിൽ നിന്നും ഒഴുകുന്ന ആ കണ്ണുനീർ ഒരു സ്ത്രീയുടെ ആത്മദുഃഖം ആണെന്ന്. ഞാനവരെത്തന്നെ നോക്കിയിരുന്നു.



ഒരു ദിവസം ഒരാൾ അവരെ അന്വേഷിച്ചു വന്നു. പറഞ്ഞു ചിലപ്പോൾ പൊട്ടിക്കരയും എന്താണ് പ്രശ്നം എന്ന് ഞാൻ ചോദിച്ചു അദ്ദേഹം ഒരു അമ്മയാണ് സ്വന്തം മകളെ കാത്തിരിക്കുന്ന ഒരു പാവം അമ്മ കല്യാണം കഴിഞ്ഞു ദൈവം തന്ന സമ്മാനമാണ് ആ കുഞ്ഞ് അപ്പോൾ ഞാൻ ചോദിച്ചു നിങ്ങളുടെ ഭാര്യയാണ് അത് എൻറെ ഭാര്യയാണ് അയാൾ പറഞ്ഞു എന്നിട്ട് പറയൂ ഞാൻ ചോദിച്ചു പറഞ്ഞു അങ്ങനെ ഞങ്ങളുടെ കണ്ണിലെ കൃഷ്ണമണി പോലെ വളർന്ന മകൾ ഞങ്ങൾ അറിഞ്ഞു കൊണ്ട് ഞങ്ങൾ വളർത്തിയത് ചെറിയ ഒരു വേദന വന്നാൽ പോലും ഞങ്ങൾക്ക് സഹിക്കാൻ പറ്റില്ല ആയിരുന്നു അവളും അതുപോലെ തന്നെയായിരുന്നു ചെറിയ വിഷമം വന്നാലും എല്ലാവരെയും ഒരുപോലെ സ്നേഹിച്ചത് എല്ലാവർക്കും വളരെ ഇഷ്ടമായിരുന്നു.

അങ്ങനെയുള്ള എൻറെ മകളെയാണ് അങ്ങനെയുള്ള എൻറെ മകളെയാണ് അതിക്രൂരമായി പിച്ചിച്ചീന്തിയത്. വിങ്ങിവിങ്ങി ആണ് അച്ഛൻ എന്നോട് അത് പറഞ്ഞത്. അയാൾ തുടർന്നു പറഞ്ഞു തുടങ്ങി,

അതുവരെ ചിരിച്ച കളിച്ച നടന്ന എൻറെ മകൾ പെട്ടെന്ന് അവളുടെ ചിരിയും സന്തോഷവും എല്ലാം അറിഞ്ഞു പതുക്കെപ്പതുക്കെ ഞങ്ങളിൽനിന്ന് എല്ലാം അവൾ അകന്നു തുടങ്ങി....

ഒരു ദിവസം ഞങ്ങൾ അറിയാതെ ഞങ്ങളുടെ പൊന്നുമക്കൾ അടുത്തുള്ള കടലിലേക്ക് ഇറങ്ങി വന്നു. സ്വയം മറന്ന് അവൾ കടലിനെ സ്വാഗതം ചെയ്തു ഞങ്ങൾ ഒടുവിൽ അറിഞ്ഞു ഞങ്ങളുടെ മകൾ നഷ്ടപ്പെട്ടു. ഞങ്ങൾ കണ്ടത് കണ്ണുകൾ മീനുകൾ കൊത്തി, വല്ലാതെ മാറിയിരിക്കുന്നു. ഞങ്ങളുടെ മകൾ ഞങ്ങളുടെ മകൾ തിരിച്ചറിയാൻ പോലും വയ്യാത്ത വിധം ആകെ മാറിക്കഴിഞ്ഞിരുന്നു. മകളുടെ ശവശരീരം കാണാൻ കഴിയില്ല. എന്തെല്ലാം പ്രതീക്ഷകളായിരുന്നു ഞങ്ങൾക്ക് ഞങ്ങളുടെ മകളിൽ ഉണ്ടായിരുന്നത്. എല്ലാം പെട്ടെന്ന് ഇല്ലാതായി. ഒരു അച്ഛനമ്മമാർക്കും ഈയൊരു അവസ്ഥ വരല്ലെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. എന്നാൽ അന്ന് എൻറെ ഭാര്യയുടെ മനസ്സിൻറെ താളം തെറ്റി. എന്നും അവൾ എന്തിനോ വേണ്ടി പ്രതീക്ഷയോടെ കാത്തിരിക്കുന്നു ഈ കടൽ തീരത്ത്! ഒരു അമ്മയുടെ പ്രതീക്ഷയാണ്, മകൾ മടങ്ങിവരുമെന്ന്!!!

* * * * *



കുറിപ്പ്

സാനിയ (9 A)

# കുട്ടിക്കാലത്തെ

# ഓർമകൾ

വളരെ രസകരമായിരുന്നു എന്റെ കുട്ടിക്കാലം എനിക്ക് വളരെ ഇഷ്ടമായിരുന്നു. ഞാൻ എപ്പോഴും കളിച്ച് ചിരിച്ചു നടക്കുമായിരുന്നു. എന്റെ കുട്ടികാലം എനിക്ക് എപ്പോഴും ര സകരമായിരുന്നു. എനിക്ക് ഒരുപാട് ആഗ്രഹങ്ങൾ ഉണ്ടായിരുന്നു. ഞാൻ എപ്പൊഴു സുഖകരമായിരുന്നു. എന്റെ കുട്ടികാലം വളരെ നല്ല സ്ഥലങ്ങൾ കണ്ടിട്ടുണ്ട് എന്റെ അമ്മ നല്ലകഥകൾ എല്ലാം പറഞ്ഞുതരുമായിരുന്നു. എനിക്ക് വളരെ വളരെ ഇഷ്ടമാണ് എന്റെ കുട്ടിക്കാലം.



റിപ്പോർട്ട്
അൻഷ ജോൺ (9 B)

# ലിറ്റിൽ കൈറ്റ്സ്-പ്രിലിമിനറി ക്യാമ്പ്




ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ 2019-2021 ബാച്ചിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു കൊണ്ട് പ്രിലിമിനറി ക്യാമ്പ് 22.06.2019 ശനിയാഴ്ച കോയിക്കൽ ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ വച്ചു നടന്നു. കോയിക്കൽ ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെയും മങ്ങാട് ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെയും വിദ്യാർത്ഥികൾക്ക് ഒരുമിച്ചായിരുന്നു ക്യാമ്പ്. ആർ.പി.മാരായി കോയിക്കൽ സ്കൂളിലെ രാജു സാറും മങ്ങാട് സ്കൂളിലെ ജയാ ബെൻ ടീച്ചറും ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. സഹായികളായി കൈറ്റ് മിസ്ട്രസ്സുമാരായ കോയിക്കൽ സ്കൂളിലെ മണി ടീച്ചറും മങ്ങാട് സ്കൂളിലെ ഇന്ദുലേഖ ടീച്ചറും ഉണ്ടായിരുന്നു. രജിസ്ട്രേഷൻ നടപടികൾക്കു ശേഷം രാവിലെ 10 മണിക്ക് ക്ലാസ്സ് ആരംഭിച്ചു. കോയിക്കൽ സ്കൂൾ ഹെഡ്മിസ്ട്രസ്സ് ശ്രീമതി.സീറ്റ മിറാന്റ ക്യാമ്പ് ഉദ്ഘാടനം നിർവഹിച്ചു.



ക്ലാസ്സിനെ പറ്റി ആമുഖമായി ചില കാര്യങ്ങൾ പറഞ്ഞിട്ട് കുട്ടികളെ, റിസോഴ്സിലെ ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ ആറു ഗ്രൂപ്പുകളാക്കി. കുട്ടികൾക്ക് പരിചയപ്പെടാൻ അവസരമായി. തുടർന്ന് കമ്പ്യൂട്ടർ ഉപകരണങ്ങളെപ്പറ്റി അവർക്കുള്ള അറിവ് അറിവ് കണ്ടെത്തുന്ന മത്സരം നടന്നു. ആദ്യ സെഷനിൽ പ്രൊജക്ടർ ഗ്രൂപ്പ് ഒന്നാം സ്ഥാനം കരസ്ഥമാക്കി.



തുടർന്ന് രണ്ടാമത്തെ സെഷനിൽ ലിറ്റിൽ കൈറ്റ്സിനെപ്പറ്റിയും ഹൈടെക്ക് പ്രോജക്ടിനെയും പരിചയപ്പെടാനും മനസ്സിലാക്കാനും വഴിയൊരുക്കുന്ന പ്രവർത്തനമാണ് നടന്നത്. രണ്ടു ഗ്രൂപ്പായി

നടന്ന മത്സരം വളരെ ആവേശം നിറഞ്ഞതായിരുന്നു. റിസോഴ്സിലെ വീഡിയോകൾ കാര്യങ്ങൾ മനസ്സിലാക്കാൻ കുട്ടികൾക്ക് വളരെ സഹായകമായി.

പന്ത്രണ്ടരയ്ക്ക് തുടങ്ങിയ മൂന്നാമത്തെ സെഷനിൽ സ്ക്രാച്ച് ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനമായിരുന്നു. കളികൾ കുട്ടികൾക്ക് ആവേശവും ജിജ്ഞാസയും പകരുന്നതായിരുന്നു. പഴയ കാര്യങ്ങൾ ഓർമ്മിക്കാനും പുതിയ കാര്യങ്ങൾ മനസ്സിലാക്കാനും ഇതിലൂടെ സാധിച്ചു.

ഊണിനു ശേഷം രണ്ടു മണിക്കു തുടങ്ങിയ സെഷൻ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങളുടെ പ്രവർത്തനത്തെ കൂടുതൽ ഗൗരവമായി കാണുന്നതായിരുന്നു. ക്ലാസ്സ് മുറിയിലെ അവരുടെ സേവനത്തെ ഉറപ്പിക്കാനുതകുന്നതായിരുന്നു അത്. കമ്പ്യൂട്ടർ ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള അവരുടെ കഴിവിനെ അളക്കുന്നതോടൊപ്പം അവശ്യം വേണ്ട കാര്യങ്ങൾ ബോധ്യപ്പെടുത്താനും ഹാർഡ്‌വെയറിന്റെ ഈ സെഷൻ കൊണ്ടു കഴിഞ്ഞു.



അവസാനത്തെ സെഷൻ എല്ലാ കുട്ടികൾക്കും ഏറെ വിസ്മയം ജനിപ്പിക്കുന്നതായിരുന്നു. MIT ആപ്പ് ഇൻവെന്ററുപയോഗിച്ച് മൊബൈൽ ആപ്പുകൾ നിർമ്മിക്കുന്ന പ്രവർത്തനം കുട്ടികൾക്ക് ഏറെ ഇഷ്ടപ്പെട്ടു. ആർ.പി.യുടെ മൊബൈലിൽ കണ്ട ആപ്പുകൾ അവരെ ഏറെ കൗതുകമുള്ളവരാക്കി മാറ്റി.



നാലര മണിയോടെ ക്ലാസ്സുകൾ അവസാനിച്ചു. കുട്ടികൾ അവരുടെ ക്ലാസ്സനുഭവം പങ്കുവച്ചു. ക്ലബ്ബിലൂടെ ഇനി ലഭിക്കാൻ പോകുന്ന അറിവുകളെപ്പറ്റി അവർക്ക് കൃത്യമായ ധാരണ ലഭിച്ചു. വിജയികളായ സ്കാനർ ഗ്രൂപ്പിനു സമ്മാനം നല്കി. എല്ലാ കുട്ടികൾക്കും മധുരം നല്കിക്കൊണ്ട് ക്യാമ്പ് നാലര മണിക്ക് അവസാനിച്ചു.

* * * * *

കഥ

സൽമ എസ് ബദറുദീൻ ( 6A)

# എന്റെ സ്വപ്നം

ഞായറാഴ്ച സന്ധ്യ സമയം, ഞാനും മാതാപിതാക്കളും എന്റെ സഹോദരികളും ബീച്ചിൽ പോവുകയായിരുന്നു. ഞങ്ങൾ അഞ്ചു പേരും ബൈക്കിലായിരുന്നു പോയത്. അങ്ങനെ പോയിക്കൊണ്ടിരുന്ന സമയത്തു, പെട്ടന്ന് ഒരു ഓട്ടോ ഞങ്ങളുടെ വണ്ടിയെ ഓവർടേക്ക് ചെയ്തു. ആ വാഹനം കടന്നു പോയപ്പോൾ ഞങ്ങളുടെ വണ്ടി റോഡിലേക്ക് വീഴാൻ പോയി .പിന്നെ ഞാൻ കാണുന്നത് എന്നെ വല്ലാതെ പേടിപ്പിച്ചു. ഞങ്ങൾ ബീച്ചിലെത്തിയെ ശേഷം ഞാനും എന്റെ വീട്ടുകാരും ഐസ്ക്രീം കഴിച്ചു. പിന്നെ ഞാനും എന്റെ സഹോദരികളും ബീച്ചിലെ വെള്ളത്തിൽ കാൽനനക്കണമെന്നു അച്ഛനോട് വാശി പിടിച്ചു. അങ്ങനെ അച്ഛൻ സമ്മതിച്ചു .ഞങ്ങൾക്ക് വളരെ അധികം സന്തോഷമായി. അങ്ങനെ ഞങ്ങൾ കുറെ നേരം കാൽ നനച്ചു. പക്ഷെ വളരെ ചെറിയ തിരയായിരുന്നു. അപ്പോൾ ഞങ്ങൾ അച്ഛന്റെ അടുത്തു ചോദിച്ചു, എന്താ തിര വരാത്തദ് എന്ന് ചോദിച്ചു. അപ്പോൾ എന്റെ അച്ഛൻ പറഞ്ഞു, പണ്ട് ഞങ്ങൾ തിരവരാത്ത സമയത്തു ബീച്ചിലെ മണ്ണിൽ "കടലമ്മ കള്ളി "എന്ന് മണ്ണിൽ എഴുതുമെന്ന് പറഞ്ഞു. അപ്പോൾ ഞാൻ അത് വിശ്വസിച്ചില്ല. അപ്പോൾ ആ സമയത്തു എന്റെ ജേഷ്ടത്തി മണ്ണിൽ "കടലമ്മ കള്ളി "എന്ന് എഴുതി അപ്പോൾ തന്നെ വലിയ തിര വന്നു. അപ്പോൾ എന്റെ കൈ അച്ഛന്റെ പിടിയിൽ നിന്ന് വിട്ടു പോയി. അപ്പോൾ തന്നെ വലിയ ഒരു തിര എത്തി, എന്നെ ദൂരെ ...ദൂരെ കൊണ്ട് പോയി. ആ കാഴ്ച്ച കണ്ടപ്പോൾ തന്നെ ഞാൻ ചാടി "എന്റെ അമ്മെ "എന്ന് വിളിച്ചു കൊണ്ട് എഴുന്നേറ്റു .അതു സ്വപ്നമായിരുന്നു. ഇന്നലെ കണ്ട അത് എന്നെ വല്ലാതെ പേടിപ്പിച്ചു കളഞ്ഞു ...!



ലേഖനം

ആസിഫ് എം (9 A)

# അന്ന വിചാരം

ഒരു നേരത്തെ ആഹാരത്തിനു വേണ്ടി അലയുന്ന പിഞ്ചു കുഞ്ഞുങ്ങൾ റോഡരികിൽ കിടക്കുന്ന ഭക്ഷവശിഷിട്ടങ്ങൾ ഭക്ഷിക്കുന്നത് കാണാം ഒരുനാൾ നമ്മളും ഇതിൽ
അകപ്പെട്ടും വിശപ്പിലകപ്പെട്ടുമ്പോൾ നമ്മൾ നമ്മളെതന്നെ മറക്കുന്നു റോഡരികിൽ കിടക്കുന്ന നായ്ക്കളെ പോല്ലേ നമ്മുക്ക് നമ്മേ തന്നെ കടിച്ചു കിറാൻ തോന്നും പക്ഷെ നമുക്ക് നാലു നേരത്തെ ആഹാരത്തിനു വേണ്ടി അലയേണ്ട ആവിഷമില്ല കാരണം ഇപൊരുതേ കാലം അങ്ങനെയാണ്

ഒരുനേരത്തെ ആഹാരത്തിനുവേണ്ടി
അലഞ്ഞു നടക്കുന്ന കുഞ്ഞുകളെകാണുന്‌പോൾ നമ്മളും ഇതിൽ അകപ്പെട്ടും നമ്മൾ ദിവസം പാഴ്ക്കുന്ന ഓരോമണിച്ചോറും ഓരോകുട്ടിയും വിശപ്പിനുവേണ്ടിഅലയുന്ന വിശപ്പ്ത്ത് മനുഷേർ പേനയികളെപോലെയാണ് കടിച്ചുകിറിത്തിനും ഈ ലോകത്ത് വിശപ്പിൽകപ്പെട്ടു
എത്താറാകുരുന്നുകളെന്നല്ല എത്രമനുഷ്യമൃഉവിന് ഇര കുന്ന ചിലർ ആഹാരത്തെ പുറം തള്ളപ്പെടുന്നു      ഒരുനേരത്തെ ആഹാരത്തിനുവേണ്ടി പിഞ്ചു കുഞ്ഞുങ്ങളുടെ രോദനം കേൾക്കുമ്പോൾ തന്നെ നമുക്ക് തോന്നും നമ്മളും ഒരുനാൾ ഇതിൽ അകപ്പെട്ടും എന്നു നമുക്ക് തോനിപോകും ഓരോകുരുന്നുകളുടെയും കണ്ണുകളിലും നിന്നും ആ
ഒരുതുളി കണ്ണുനീരിനും വിലഇല്ലെന്നു അവർ അലറി വിളിച്ചു പറയുകയാണ് ഈ ലോകത്തോട് പക്ഷെ ഈ ലോകം വിശപ്പിന്റെ വില മനസിലാകുന്നില്ല . ഒരു പൊതി ചോറിനു ആരാപ്പോലെയുള്ള വിശന്നു വലയുന്ന കുട്ടികൾക്ക് നൽകും എന്ന സന്മനസ്സ് ഉണ്ട് . അവരുടെ വിശപ്പ് അകറ്റുന്നതിന് മുമ്പ് അവരെ പോലെ ഉള്ള കുട്ടികളെ നോക്കുന്നു .അന്നം അത് പാഴാക്കരുത് .

* * * * *

# ചിത്രജാലകം - 1

(കുട്ടികൾ വരച്ച പെൻസിൽ ചിത്രങ്ങൾ )



അഭിഷേക് എസ് (10 A)



ശ്രീലക്ഷ്മി എസ് (5 B)



അൻഷ ജോൺ (9 B)



സംഗീത എസ് (10 B)



നിഖിത ബി എസ് (10 BA



ശ്രീജിത് ബി (10 A)

ലേഖനം

മീനാക്ഷി എസ് ( 9 A )

# പ്രക്രിതിയെ സംരക്ഷിക്കു

നാം ജീവിക്കുന്ന ചുറ്റുപാടിന് ആരോഗ്യം കാത്തു രക്ഷിക്കുന്നതിൽ വനങ്ങൾക്ക് സുപ്രധാന പങ്കാണുള്ളത് കുടിക്കാനുള്ള ശുദ്ധജലം,ശുദ്ധവായു ,അന്തരീക്ഷ താപനിലയിലെ ക്രമീകരണം,കാലാവസ്ഥ നിർണയം ,നമ്മുടെ ആഹാരത്തിന്റെ സ്രോതസ്സായ കൃഷിയുടെ പരിപാലനം തുടങ്ങി ജീവൻ നിലനിർത്തുന്നതിനുള്ള ഓരോ നിർണായക ഘട്ടത്തിലും വനങ്ങളാണ് നമ്മുടെ കരുതൽ വനങ്ങളിലെ അന്തേവാസികളാണ് വന്യജീവികൾ ഓരോ വന്യജീവികൾക്കും അത് ജീവിക്കുന്ന ചുറ്റുപാടിൽ അവരുടേതായ ധർമ്മം നിർവഹിക്കാനുണ്ട് സസ്യങ്ങളുടെ പരാഗണം,വിത്തുവിതരണം, കാടിന്റെ തുടർച്ച, തുടങ്ങിയവയിൽ വന്യജീവികൾക്ക് മുഖ്യ പങ്കാണുള്ളത് സ്വഭാവിക പ്രകൃതിയുടെ ഭാഗമായ വനങ്ങൾ,തടാകങ്ങൾ,നദികൾ,വന്യജീവികൾ എന്നിവ സംരക്ഷിക്കേണ്ടതും പരിപോഷിക്കേണ്ടതും നാം ഓരോരുത്തരുടെയും കടമയാണ്.ഒപ്പം സഹജീവികളോട് നാം അനുകമ്പയുള്ളവരായിരിക്കുകയും വേണമെന്ന് ഭരണഘടനയുടെ(51)g അനുഛേദം എല്ലാ പൗരന്മാരേയും പ്രത്യേകം ഓർമ്മപ്പെടുത്തുന്നു

* * * * *

# ചിത്രജാലകം - 2

(കുട്ടികൾ വരച്ച കളർ ചിത്രങ്ങൾ )













നാടകം

രാജു എസ് (അദ്ധ്യാപകൻ)

[ ഭിന്നശേഷി വാരാചരണത്തോടനുബന്ധിച്ച് സ്കൂൾ വിദ്യാർത്ഥികൾക്ക് അവതരിപ്പിക്കാൻ തയ്യാറാക്കിയ നാടകം ]

# മൺചെരാതുകൾ

**കഥാപാത്രങ്ങൾ -**

1. അനുമോൾ (12 വയസ്സ്)
2. ജസീന്ത (അനുവിന്റെ അമ്മ)
3. ജീവൻ (അനുവിന്റെ സഹോദരൻ – 17 വയസ്സ്)
4. മായ (ക്ലാസ് ടീച്ചർ)

5. ശ്രുതി
6. ആമിന
7. നിരഞ്ജൻ
8. പ്രദ്യു

( അനുവിന്റെ ഭിന്നശേഷിക്കാരായ സഹപാഠികൾ )

9. ലയ
10. വിഷ്ണു
11. അഭീഷ്
12. റോഷൻ

( അനുവിന്റെ മറ്റു സഹപാഠികൾ )

13. അഭീഷിന്റെ അമ്മ
14. ഹെഡ്മാസ്റ്റർ

# രംഗം - 1
# അനുമോളുടെ വീട്

[ ഒരു സാധാരണ വീടിന്റെ മുൻഭാഗം (സ്വീകരണമുറി) മുറിയുടെ മധ്യഭാഗത്ത് ഒരു ടേബിൾ. ടേബിളിൽ പുസ്തകങ്ങളും നോട്ടു ബുക്കുകളും അടുക്കി വച്ചിട്ടുണ്ട്. മേശപ്പുറത്ത് ഒരു ഫ്ലവർവേസ് ഇരിപ്പുണ്ട്. ജീന വരച്ച ഒരു പുതിയ ചിത്രവും മേശപ്പുറത്ത് മധ്യഭാഗത്തായി ന്യൂസ് പേപ്പർ കൊണ്ട് പൊതിഞ്ഞു വച്ചിട്ടുണ്ട്. ഭിത്തിയിൽ ബലൂണും വർണക്കടലാസുകളും ഒട്ടിച്ചിട്ടുണ്ട്. "HAPPY BIRTH DAY ANUMOL" എന്ന് ഭിത്തിയിൽ ബോർഡ് തൂക്കിയിട്ടുണ്ട്. ]

[ കർട്ടനയരുമ്പോൾ രംഗത്ത് ആരുമില്ല. അല്പം കഴിയുമ്പോൾ അകത്തു നിന്ന് സംഭാഷണം കേൾക്കുന്നു ]

അനു : അമ്മേ...

അമ്മ : എന്താ മോളേ,

അനു : അമ്മേ, ഇങ്ങോട്ടൊന്ന് വാ -

അമ്മ : ഇപ്പം വരാം മോളേ,

അനു : ഇങ്ങോട്ടൊന്ന് വാ, എന്നെ അപ്പുറത്തേക്കൊന്ന് ആക്കിത്താ.
ഞാനൊരുങ്ങിക്കഴിഞ്ഞു...

അമ്മ : ഇതാ വരുന്നു...

[ അല്പം കഴിയുമ്പോൾ അമ്മ ഒരു വീൽച്ചെയർ ഉരുട്ടിക്കൊണ്ട് രംഗത്തേക്ക് വരുന്നു. വീൽ ച്ചെയറിൽ അനു ഇരിക്കുന്നു. സ്കൂളിലേക്ക് പോകാനുള്ള ഒരുക്കത്തിലാണ്. പിറന്നാൾ കുപ്പായമാണ് ഇട്ടിരിക്കുന്നത്. വീൽച്ചെയർ മേശയ്ക്കരികിൽ കൊണ്ടു വന്നു നിർത്തുന്നു. ]

അമ്മ : എന്റെ അനുമോളിന്ന് ഒരു സുന്ദരിക്കുട്ടിയായിട്ടുണ്ടല്ലോ...

അനു : അല്ലാത്തപ്പോൾ ഞാൻ സുന്ദരിയല്ലേ-?

അമ്മ : എന്റെ മോൾ എന്നും സുന്ദരി തന്നേ. ഇന്നിപ്പോൾ പിറന്നാൾ
ഡ്രസ്സൊക്കെയിട്ട് ഒരുങ്ങിപ്പോൾ ഒരു മാലാഖയെപ്പോലെയുണ്ട് !

അനു : [ ഡ്രെസ്സിൽ നോക്കി ആസ്വദിക്കുന്നു ]
അമ്മേ, ചേട്ടനെവിടെ പോയതാ.

അമ്മ : അതെന്താ, മോൾക്കറിയില്ലേ. അവൻ പത്രമിടാൻ പോയിരിക്കുവല്ലേ...

അനു : ചേട്ടനെന്നോട് ഒരു സ്നേഹവുമില്ല.

അമ്മ : അതെന്താ മോളേ, അങ്ങനെ പറയുന്നേ?

അനു : അല്ലെങ്കിൽ പിന്നെ എന്നോട് ഹാപ്പി ബർത്ത്ഡേ പറയാതെ പോയതെന്താ ?

അമ്മ : അങ്ങനെ പറയല്ലേ മോളേ, രാവിലെ അഞ്ചു മണിക്കു മുമ്പേ പോയെങ്കിലല്ലേ അവന് പത്രമെടുക്കാൻ പറ്റൂ. എല്ലാ വീടുകളിലും രാവിലെ തന്നെ പത്രം കൊടുക്കണ്ടേ? അവൻ പോകുമ്പോൾ നീ മൂടിപ്പുതച്ചു കിടന്ന് സുഖമായിട്ട് ഉറങ്ങുകയായിരുന്നു...

അനു : എങ്കിൽ പിന്നെ ചേട്ടനെന്താ, എനിക്കൊരു ബർത്ത്ഡേ ഗിഫ്റ്റ് തരാതെ പോയ്ക്കളഞ്ഞത് ?

അമ്മ : നിനക്കറിയില്ലേ മോളേ, അവന്റെ കൈയിലെവിടുന്നാ കാശ് ? അടുത്തമാസമല്ലേ അവനെന്തെങ്കിലും കിട്ടൂ. അവൻ പഠിച്ച് മിടുക്കനായി, ഒരു ജോലിയൊക്കെ വാങ്ങട്ടേ. എന്നിട്ടവൻ നിനക്ക് കൈനിറയെ സമ്മാനങ്ങൾ വാങ്ങിത്തരത്തില്ലേ... അതെങ്ങനാ, എന്റെ കുഞ്ഞിന് പഠിക്കാൻ പോലും നേരം കിട്ടുന്നില്ല. അവനോടൊപ്പം പഠിക്കുന്ന കുട്ടികളെല്ലാം ട്യൂഷനും എൻട്രൻസ് കോച്ചിംഗിനും മറ്റും പോകുമ്പോൾ എന്റെ മോൻ സൈക്കിൾ ചവിട്ടുകയാ, രക്തം വിയർപ്പാക്കുകയാ... ഭഗവതീ, എന്റെ കുഞ്ഞിനെ കാത്തോളണേ..!

അനു : എങ്കിലും ഒന്നും മിണ്ടാതെ പോയ്ക്കളഞ്ഞല്ലോ...?

അമ്മ : എന്റെ മോള് വിഷമിക്കാതെ. നിന്നോട് സ്നേഹമില്ലാഞ്ഞിട്ടാണോ അവൻ ഇതെല്ലാം ഇവിടെ ഉണ്ടാക്കി വച്ചത്. നീയന്നേരം കിടന്ന് ഉറങ്ങുകയായിരുന്നില്ലേ?

അനു : ഞാനുറങ്ങുകയൊന്നുമല്ലായിരുന്നു. ഞാനപ്പോളൊരു പടം വരയ്ക്കുകയായിരുന്നു.

അമ്മ : എന്നിട്ടെവിടെ അത് ? അമ്മയെ കാണിച്ചില്ലല്ലോ...

[ അനു അമ്മയുടെ മുഖത്തേക്ക് അല്പം കുസൃതിയോടെ നോക്കുന്നു. പിന്നെ വീൽച്ചെയർ മേശയുടെ മധ്യഭാഗത്തേക്ക് സ്വയം നീക്കുന്നു. മേശമേൽ പൊതിഞ്ഞു വച്ചിരുന്ന ചിത്രം പതുക്കെ എടുക്കുന്നു പൊതി മാറ്റുന്നു. ചിത്രം നെഞ്ചോട് ചേർത്ത് ഒളിച്ചു പിടിക്കുന്നു. അമ്മ മെല്ലെ അടുത്തേക്കു ചെല്ലുന്നു. ]

അമ്മ : താ, നോക്കട്ടേ-

[ അനു അമ്മയുടെ കൈയിലേക്ക് ചിത്രം നല്കുന്നു. അമ്മ സാകൂതം ചിത്രം കാണുന്നു. അനു ആകാംക്ഷയോടെ അമ്മയുടെ മുഖത്തേക്ക് നോക്കിയിരിക്കുന്നു.]

അമ്മ : വളരെ മനോഹരമായിരിക്കുന്നു... എന്റെ മോളൊരു വലിയ ചിത്രകാരിയാണല്ലോ... [ ചിത്രം തിരികെ നല്കുന്നു] ഇത് ആർക്ക് കൊടുക്കാനാ -?

അനു : സ്കൂളിൽ - !

അമ്മ : സ്കൂളിലാർക്കാ, ശ്രുതിക്കാ - ?

അന : ഊ-ഹും [ അല്ലെന്ന് തലയാട്ടുന്നു ]

അമ്മ : ആമിന - ?

അന : ഊ-ഹും [ തലയാട്ടുന്നു ]

അമ്മ : പ്രദ്യു - ?

അന : ഊ-ഹും [ തലയാട്ടുന്നു ]

അമ്മ : എങ്കിൽ മോളു തന്നെ പറ, ആർക്കാ - ?

അന : മായ ടീച്ചറിന്...!

അമ്മ : ഓ..! ക്ലാസ്സ് ടീച്ചറിനാണോ ! നല്ല മോൾ.

[ അനവിന്റെ കവിളിൽ വാത്സല്യത്തോടെ ഉമ്മ വയ്ക്കുന്നു ]

അമ്മ അടുക്കളയിലോട്ട് ചെല്ലട്ടെ. ചോറ് കൊണ്ടു പോകണ്ടേ.

അന : അതെന്തിനാ, ഞാൻ സ്കൂളിൽ നിന്നല്ലേ ചോറ് കഴിക്കുന്നത് ?

അമ്മ : ഇന്ന് മോളുടെ പിറന്നാളല്ലേ, ഇന്ന് ചോറ് കൊണ്ടു പോകാം.

അന : ശരിയമ്മേ -

അമ്മ : മോളിവിടെയിരിക്ക്, അമ്മ വേഗം തയ്യാറാക്കാം.

[ അമ്മ അകത്തേക്ക് പോകുന്നു. അന ചിത്രം ഉയർത്തി നോക്കുന്നു. വീണ്ടും നെഞ്ചോട് ചേർത്ത് പിടിക്കുന്നു. പരിസരം മറന്ന് എന്തോ ചിന്തയിലാണ്ടിരിക്കുന്നു. സ്വപ്നലോകത്തിലെത്തിയ പോലെ ]

[ കൂട്ടുകാരും സഹപാഠികളും അനവിന് പിറന്നാൾ സമ്മാനവുമായി വരുന്നു. ഓരോരുത്തരായി പിറകേ പിറകേ വരുന്നു. ഒരാൾ ഇടതു വശത്തു നിന്നു വരുമ്പോൾ, അടുത്തയാൾ വലതു വശത്തു നിന്ന് വരുന്നു. ഓരോരുത്തരും മേശയുടെ മുന്നിലേക്കെത്തി സമ്മാനം നല്കുകയും 'ഹാപ്പി ബർത്ത് ഡേ' ആശംസിക്കുകയും ചെയ്തിട്ട് മേശയുടെ സൈഡിലൂടെ അനവിന്റെ അരികിൽ വന്നു നില്ക്കുന്നു. അന താങ്ക്സ് പറയുന്നു. അവർ അവളെ ചിരിപ്പിക്കുന്നു. അവൾ മതി മറന്ന് സന്തോഷിക്കുന്നു. എല്ലാവരും  അർദ്ധവൃത്താകൃതിയിൽ നിന്ന്, സെൽഫിക്ക് പോസ് ചെയ്യും പോലെ "യോ" “യോ” പറഞ്ഞ് സ്റ്റില്ലാവുന്നു. ഒരു നിമിഷം കഴിഞ്ഞ് കൂട്ടുകാരെല്ലാം കൈ വീശിക്കൊണ്ട് ഇരുവശത്തേക്കും മറയുന്നു. അന സ്വപ്നത്തിലെന്ന വണ്ണം ഇരിക്കുന്നു. അവരവർ കൊണ്ടു വന്ന സമ്മാനങ്ങളും കൊണ്ടു പോകുന്നു.  പുറത്ത് സൈക്കിളിന്റെ മണിയൊച്ച കേൾക്കുന്നു.]

ജീവൻ : [ പ്രവേശിക്കുന്നു. കൈയിൽ മിഠായിപ്പൊതിയുമുണ്ട്. അനവിന്റെ ഇരിപ്പു കണ്ട് ഒരു നിമിഷം നോക്കി നില്ക്കുന്നു. മെല്ലെ പിറകിലേക്ക് ചെല്ലുന്നു. കൈ അനവിന്റെ മുഖത്തിനു

മുന്നിൽ പിടിച്ച് ഉണർന്നിരിക്കയോണോ എന്നു പരിശോധിക്കുന്നു. സ്വപ്നലോകത്താണെന്ന് മനസ്സിലാക്കുന്നു. പതുക്കെ മിഠായിപ്പൊതി മേശപ്പുറത്ത് ഒരു വശത്തേക്ക് മാറ്റി വയ്ക്കുന്നു. അനുവിന്റെ പിന്നിലെത്തി രണ്ടു കൈകളും കൊണ്ട് അവളുടെ രണ്ടു കണ്ണുകളും പൊത്തുന്നു. സ്വപ്നത്തിൽ നിന്ന് ഞെട്ടിയുണരുന്ന അനു കൈകൾ പിടിച്ചു മാറ്റാൻ ശ്രമിക്കുന്നു. ]

അനു : ജീവേട്ടനല്ലേ, എനിക്കു മനസ്സിലായി... പിടി വിട് - പിടി വിട്...

ജീവൻ : [ പിടി വിടുന്നു. അവളുടെ അടുത്തേക്ക് നില്ക്കുന്നു.]

അനൂട്ടി എന്താ, സ്വപ്നം കാണുകയായിരുന്നോ ?

അനു : അതു സ്വപ്നമായിരുന്നോ ?! എന്തു നല്ല സ്വപ്നമായിരുന്നു... ചേട്ടാ, എന്റെ എല്ലാ കൂട്ടുകാരും നമ്മുടെ വീട്ടിൽ വന്നു. എനിക്ക് സമ്മാനങ്ങളുമായിട്ടാ അവർ വന്നത്. ആമിനയും പ്രദ്യുവും ലയയും വിഷ്ണുവും എല്ലാവരും ഉണ്ടായിരുന്നു. എന്തു നല്ല സമ്മാനങ്ങളാണ് അവർ കൊണ്ടു വന്നത്!

ജീവൻ : [ മേശപ്പുറത്തു നിന്ന് പൊതിയെടുത്ത് അനുവിന്റെ നേരേ നീട്ടുന്നു.]

ഇതാ, അനൂട്ടിക്ക് ചേട്ടന്റെ സമ്മാനം! ഹാപ്പി റിട്ടേൺസ് ഓഫ് ദി ഡേ, അനൂട്ടി

[ സമ്മാനപ്പൊതി കൈകളിൽ വച്ചു നല്കിയിട്ട് കവിളിൽ മുത്തം നല്കുന്നു.]

അനു : താങ്ക് യൂ, ചേട്ടാ.

[ പൊതിയഴിച്ച് നോക്കുന്നു. കണ്ണുകൾ വിടരുന്നു. ] ഹായ് മിഠായി! അമ്മേ, ചേട്ടൻ മിഠായി കൊണ്ടു വന്നു!!!

ജീവൻ : മോളുടെ കൂട്ടുകാർക്കെല്ലാം കൊണ്ടു കൊടുക്ക്...

അനു : വൺസ് മോർ, താങ്ക് യൂ, ചേട്ടാ!

ജീവൻ : അമ്മയെവിടെ? ഇന്നു നേരത്തേ ഇറങ്ങേണ്ടേ? ഇന്നു നമുക്ക് അമ്പലത്തിൽ പോകണ്ടേ? ചേട്ടൻ ഇപ്പം റെഡിയായി വരാം...

അനു : ഞാനെപ്പഴേ റെഡി...

[ജീവൻ ധൃതിയിൽ അകത്തേക്ക് പോകുന്നു. പോകുന്നതിനിടയിൽ അനുവിന്റെ തലയിൽ സ്നേഹപ്രകടനം പോലെ ഒന്നു തടവുന്നു. അനു പുഞ്ചിരിക്കുന്നു. പിന്നെ പെയിന്റിംഗ് എടുത്ത് ഒന്നു കൂടി നോക്കിയിട്ട് പഴയതു പോലെ ന്യൂസ് പേപ്പറിൽ പൊതിയുന്നു.]

**(കർട്ടൻ)**

# രംഗം - 2

## അനുവിന്റെ സ്കൂൾ

[ ഒരു ഗവ.സ്കൂളിലെ എട്ടാംതരം ക്ലാസ്സ് മുറി. മലയാളം മീഡിയം. കുട്ടികൾക്കിരിക്കാൻ മൂന്നോ നാലോ ബഞ്ചും ഡെസ്കും നിരത്തിയിട്ടുണ്ട്. ക്ലാസ്സ് ടീച്ചറിന്റെ മേശയും കസേരയും. പിറകിൽ ബ്ലാക്ക് ബോർഡും ]

[ കർട്ടനുയരുന്നതിനു മുമ്പേ ക്ലാസ്സിലെ കുട്ടികളുടെ ബഹളം. അല്പം കഴിയുമ്പോൾ ലോംഗ് ബെൽ മുഴങ്ങുന്നു...കർട്ടനുയരുന്നു. ക്ലാസ്സിൽ കുറച്ചു കുട്ടികളുണ്ട്. കുട്ടികൾ വന്നു കൊണ്ടിരിക്കുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾ ബഞ്ചിൽ ഇരിക്കുകയാണ്. മുതിർന്ന ഒരു കുട്ടി ആമിനയെ ക്ലാസ്സിൽ കൊണ്ടാക്കിയിട്ട് പോകുന്നു. ലയ ആമിനയുടെ അരികിലെത്തുന്നു. അവളെ ബഞ്ചിൽ കൊണ്ടിരുത്തുന്നു. ]

ലയ : ആമിനേ, വരച്ചു കൊണ്ടു വന്നോ, നോക്കട്ടേ -

[ പറയുന്നതിനിടയിൽ ആമിനയുടെ തോളിൽ നിന്ന് ബാഗ് ഊരിമാറ്റാൻ സഹായിക്കുന്നു. ബാഗിൽ ചുരുട്ടി വച്ചിരിക്കുന്ന ചാർട്ട് പേപ്പർ കാണുന്നു. ആമിന ആ ചാർട്ട് പേപ്പർ എടുത്ത് ലയയുടെ കൈയിൽ കൊടുക്കുന്നു. മറ്റു കുട്ടികളും അടുത്തേക്ക് വരുന്നു. എല്ലാവരും ചുറ്റിലും നിൽക്കുമ്പോൾ ലയ ചാർട്ട് പേപ്പർ നിവർത്തുന്നു. പലരും സന്തോഷസൂചകമായ ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നു. ] ഹായ് കൊള്ളാം...!

വിഷ്ണു : എല്ലാവരും പടങ്ങൾ കൊണ്ടുവാ, നമുക്കിതിൽ ഒട്ടിക്കാം...

ലയ : വേഗമാകട്ടേ, ജീനയിപ്പോളെത്തും...

[ ആമിന വരച്ചു കൊണ്ടു വന്ന ചാർട്ട് മേശപ്പുറത്ത് വയ്ക്കുന്നു. "പ്രിയ കൂട്ടുകാരി-അനുമോൾക്ക്-പിറന്നാളാശംസകൾ-7A" എന്ന് നാലു വരിയായി അതിൽ എഴുതിയിട്ടുണ്ട്. അതിനു ചുറ്റും കുട്ടികൾ കൊണ്ടു വന്നിട്ടുള്ള ചിത്രങ്ങൾ ഒട്ടിക്കണം. കുട്ടികൾ അവരവരുടെ ബാഗിൽ നിന്ന് കൊച്ചു കൊച്ച് ചിത്രങ്ങളും കത്രികയും പേസ്റ്റും മറ്റും എടുക്കുന്നു. വീണ്ടും വട്ടത്തിൽ നിന്ന് അവയൊക്കെ ഒട്ടിക്കുന്നു. ഭിന്നശേഷിക്കാരായ കുട്ടികളും പേസ്റ്റ് തേച്ചു കൊടുക്കുന്നു. റോഷൻ ഇതിനിടയിൽ കറങ്ങി നടക്കുന്നുണ്ട്. ]

ലയ : വേഗം വേഗം ഒട്ടിക്ക്. അനു ഇപ്പോളെത്തും...

വിഷ്ണു : അനുവെന്താ ഇന്നു താമസിക്കുന്നത്?

ലയ : ഇന്നു പിറന്നാളായതു കൊണ്ട് അവളിന്ന് അമ്പലത്തിൽ പോയിട്ടേ വരത്തൊള്ളെന്നു പറഞ്ഞാരുന്നു...

[ മായ ടീച്ചർ പ്രവേശിക്കുന്നു. ഓടി നടന്നവൻ ടീച്ചറെ കാണുന്നു. ക്ലാസ്സ് ടീച്ചർ വന്നു എന്ന് വിളിച്ചു പറയുന്നു. കുട്ടികളെല്ലാവരും എണീറ്റ് അറ്റൻഷനായിട്ട് "ഗുഡ് മോണിംഗ്" പറയുന്നു ]

മായ : ഗുഡ് മോണിംഗ്, ഡിയർ സ്റ്റുഡന്റ്സ്... എന്താ, എല്ലാവരും കൂടി ഇവിടെ ചെയ്യുന്നത് ?

( കുട്ടികൾ ഒരുമിച്ചു മറുപടി പറയുവാൻ ശ്രമിക്കുന്നു. ടീച്ചറിന് മനസ്സിലാകുന്നില്ല. )

ഒരാൾ പറയൂ...

ലയ : ടീച്ചറേ, ഞാൻ പറയാം. ഇന്ന് അനുവിന്റെ ബർത്ത് ഡേ - ആണ്. ഞങ്ങൾ നമ്മുടെ ക്ലാസ്സിന്റെ പേരിൽ അവൾക്കൊരു സമ്മാനം തയ്യാറാക്കുകയാ...

മായ : അതു ശരി, ഞാനൊന്നു നോക്കട്ടേ-

[ മായ ടീച്ചർ ചാർട്ട് കൈയിലെടുത്തു നിവർത്തി നോക്കുന്നു. മുഖത്ത് സന്തോഷവും അത്ഭുതവും ]

വളരെ മനോഹരമായിട്ടുണ്ട്. ആരാണിത് വരച്ചു കൊണ്ടു വന്നത് ?

( ആമിന എന്ന് എല്ലാവരും കൂടി പറയുന്നു.)

കൺഗ്രാജുലേഷൻ, ആമിന. എല്ലാവരും ആമിനയ്ക്ക് ഒരു ക്ലാപ്പ് കൊടുക്കൂ...

( കുട്ടികൾ എല്ലാവരും കൈയടിക്കുന്നു. റോഷൻ നിർത്താതെ കൈയടിക്കുന്നു. ടീച്ചർ മതിയെന്ന് ആംഗ്യം കാട്ടുന്നു.)

ഇതിൽ പൂമ്പാറ്റയെ ഒട്ടിച്ചതാരാ-?

വിഷ്ണു : ഞാനാണ്, ടീച്ചർ...

മായ : മയിലിനെ ഒട്ടിച്ചതാരാ-?

ശ്രുതി : ഞാനാ ടീച്ചർ...

മായ : പൂച്ചയെ കൊണ്ടു വന്നതാരാ -?

(നിരഞ്ജൻ കൈ ഉയർത്തുന്നു)

മായ : ഈ റോസാപ്പൂ ആരുടേതാണ്...?

( പ്രദ്യു എണീറ്റ് നില്ക്കുന്നു. ടീച്ചർ അവനെ അഭിനന്ദിക്കുന്നു. പ്രദ്യു ഇരിക്കുന്നു.)

മായ : ഈ ജെസിബി കൊണ്ടു വന്നത് ആരാ -?

റോഷൻ : അതെന്റെ വകയാ-

മായ : നിന്റെ ജെസിബി ഇവിടെല്ലാം എളക്കി മറിക്കുമോ, റോഷാ...!

( എല്ലാവരും ചിരിക്കുന്നു )

വളരെ മനോഹരമായിരിക്കുന്നു. നല്ല ഉചിതമായ സമ്മാനം. എല്ലാ കൂട്ടുകാരും കൂടി ചേർന്ന് ഒരു സമ്മാനം! എന്റെ കുട്ടികൾ എത്ര നല്ലവരാണെന്ന് എനിക്ക് അഭിമാനം തോന്നുന്നു. ഒരിക്കൽ കൂടി എല്ലാവർക്കും എന്റെ അഭിനന്ദനങ്ങൾ...!

(കുട്ടികളുടെകരഘോഷം.)

വേഗമിത് നോട്ടീസ് ബോർഡിൽ ഒട്ടിക്കൂ... മറ്റുള്ളവർ അവരവരുടെ സ്ഥാനങ്ങളിലിരിക്കൂ...

[ കുട്ടികൾ അനുസരിക്കുന്നു. ചാർട്ട് ഒരു വശത്തുള്ള നോട്ടീസ് ബോർഡിൽ ഒട്ടിക്കുന്നു. അനുവും അമ്മയും പ്രവേശിക്കുന്നു. അനുവിനെ അമ്മ വീൽചെയറിൽ തള്ളിക്കൊണ്ടു വരുന്നു. അനു ബാഗ് മാറോട് ചേർത്ത് പിടിച്ചിട്ടുണ്ട്. ന്യൂസ് പേപ്പർ കൊണ്ട് പൊതിഞ്ഞ ചിത്രം ബാഗിനും നെഞ്ചിനുമിടയിൽ ഒളിപ്പിച്ചു വച്ചിട്ടുണ്ട്. ]

അനു : ഗുഡ് മോർണിംഗ് ടീച്ചർ...

ജെസീന്ത : ഗുഡ് മോർണിംഗ് ടീച്ചർ.

മായ : (ഇരുവരോടുമായ് ) ഗുഡ് മോർണിംഗ്, ഗുഡ് മോർണിംഗ്.

ജെസീന്ത : ക്ഷമിക്കണം ടീച്ചർ, ഇന്നല്പം വൈകിപ്പോയി... മോളുടെ ബർത്ത് ഡേ ആയതു കൊണ്ട് ഇന്ന് അമ്പലത്തിലൊന്ന് പോയിരുന്നു...

മായ : ങാ, സാരമില്ല. പിറന്നാള്കുട്ടി പുതിയ കുപ്പായമൊക്കെയിട്ട് ഇന്ന് നല്ല സ്റ്റൈലിലാണല്ലോ...! ഞങ്ങൾക്കാർക്കും ഒന്നുമില്ലേ -?

[ ലയ വന്ന് അനുവിനെ അവളുടെ സ്ഥിരം സ്ഥലത്ത് കൊണ്ടു ചെന്നാക്കുന്നു. ബാഗ് സൈഡിലെ ഡസ്കിലേക്ക് വയ്ക്കുന്നു. ഇപപ്പോൾ നെഞ്ചോട് ചേർത്തു വച്ചിരിക്കുന്ന പൊതി കാണാനാകും. ]

[ അഭീഷിന്റെ അമ്മയും അഭീഷും പ്രവേശിക്കുന്നു. അഭീഷിനെ പിടിച്ചു വലിച്ചു കൊണ്ടാണ് വരുന്നത്. വല്ലാതെ ദേഷ്യപ്പെട്ട്, ധൃതിയിലാണ് അഭീഷിന്റെ അമ്മയുടെ വരവ്. അഭീഷിന്റെ കാലിൽ മുറിവ് കെട്ടിയതു പോലെ തുണി ചുറ്റി കെട്ടിയിട്ടുണ്ട്. ]

അഭീഷിന്റെ അമ്മ : എന്താണു ടിച്ചറേ, നിങ്ങൾക്കൊരു ഉത്തരവാദിത്തമില്ലേ?

മായ : [ അമ്പരപ്പോടെ ]എന്താ, എന്തു പറ്റി !?

അഭീഷിന്റെ അമ്മ : എന്തോ പറ്റിയെന്നോ- എന്റെ മോന്റെ കാലേലോട്ടൊന്നു നോക്കിയേ- ഞങ്ങൾ ആശുപത്രിയിൽ പോയിട്ട് വരുവാ-

[ എല്ലാവരും അമ്പരപ്പോടെ അഭീഷിന്റെ കാലിലേക്കു നോക്കുന്നു. റോഷൻ ഓടിവന്ന് അവന്റെ കാലിൽ പിടിക്കുന്നു. അഭീഷിന്റെ അമ്മ പിടിച്ചു മാറ്റുന്നു. ടീച്ചർ റോഷനെ അവന്റെ സീറ്റിലേക്കു പറഞ്ഞയയ്ക്കുന്നു ]

മായ : എന്താ, അഭീഷിന്റെ കാലിനെന്തു പറ്റി?

അഭീഷിന്റെ അമ്മ : എന്താ, മായ ടീച്ചറേ, ഒന്നുമറിയാത്ത പോലെ സംസാരിക്കുന്നത് ?

മായ : എനിക്കൊന്നും മനസ്സിലാകുന്നില്ല. അഭീഷിന്റെ അമ്മ എന്താണുദ്ദേശിക്കുന്നത്?

അഭീഷിന്റെ അമ്മ : ഇന്നലെ നടന്നതൊന്നും ടീച്ചററിഞ്ഞില്ലേ ?

മായ : [ ടീച്ചർ ആലോചിക്കുന്നു ] ഇന്നലെ എന്തു നടന്നെന്നാ-?

അഭീഷിന്റെ അമ്മ : അപ്പം സ്കൂളീൽ നടക്കുന്നതൊന്നും ടീച്ചറമ്മാരറിയുന്നില്ലേ.

അപ്പപ്പിന്നെ, പിള്ളാരെ പാമ്പു കടിച്ചാലും സ്കൂളിടിഞ്ഞു വീണാലും

ടീച്ചറമ്മാരറിയില്ലല്ലോ.

മായ : അഭീഷിന്റെ അമ്മ എന്തൊക്കെയാണ് ഇപ്പറയുന്നത് ? നിങ്ങളുടെ മകന് ഈ സ്കൂളിൽ വച്ച് എന്തു സംഭവിച്ചെന്നാ-?

അഭീഷിന്റെ അമ്മ : [ അനുവിന്റെ നേരേ ചൂണ്ടി ] ദാ, ഈ കൊച്ച് വീൽച്ചെയറുരുട്ടി എന്റെ കുഞ്ഞിന്റെ കാലു മുറിച്ചു.

[ വീണ്ടും എല്ലാവരും അത്ഭുതപ്പെടുന്നു. അനുവും അമ്മയും ഞെട്ടുന്നു. ]

ജെസീന്ത : എന്റെ മോളോ, എപ്പോ-?!

അനു : അയ്യോ, ഞാനൊന്നും ചെയ്തില്ല....

അഭീഷിന്റെ അമ്മ : [ അനുവിനെ നോക്കി ]ഹൊ, ഒന്നും ചെയ്തില്ല. ഇന്നലെ വൈകിട്ട് നീ ഈ വീൽച്ചെയറുരുട്ടി എന്റെ മകന്റെ കാലൊടിക്കാൻ നോക്കിയില്ലേ?... എന്നിട്ടിപ്പം ഒന്നുമറിയാത്ത പാവത്തെപ്പോലെ അഭിനയിക്കുന്നു...

[ അനുവിന്റെ മുഖത്ത് സങ്കടം നിറയുന്നു. “ഞാനൊന്നും ചെയ്തില്ല...” എന്ന് വിതുമ്പിപ്പറയുന്നു ]

ജെസീന്ത : എന്റെ മോള് ആരെയും ദ്രോഹിക്കില്ല.

അഭീഷിന്റെ അമ്മ : [ അനുവിന്റെ അമ്മയുടെ നേരേ] എന്നിട്ടാണോ എന്റെ കുഞ്ഞിന്റെ കാല് മുറിഞ്ഞത്. ദാ, കണ്ടില്ലേ, ഡ്രസ്സ് ചെയ്തിരിക്കുന്നത്...

മായ : ഒന്നു നില്ക്കൂ. നിങ്ങളിങ്ങനെ പരസ്പരം സംസാരിക്കാതെ.

[ രണ്ടുപേരെയും പിടിച്ചു മാറ്റുന്നു ] എന്താ, സംഭവിച്ചതെന്ന് ഞാനൊന്നു ചോദിക്കട്ടെ. ലയ, പ്ലീസ് സ്റ്റാന്റപ്പ്. ഇന്നലെ വൈകിട്ട് എന്താണ് സംഭവിച്ചത്?

ലയ : [ എണീറ്റ് എല്ലാവരെയും നോക്കുന്നു. പിന്നെ, ടീച്ചറെ നോക്കി പറയുന്നു. ]

ടീച്ചറേ, ഇന്നലെ വൈകിട്ട്, ദേശീയഗാനം തീർന്ന്, കുട്ടികളിറങ്ങുകയായിരുന്നു. അഭീഷ് പിറകിൽ നിന്ന് വേഗത്തിൽ ഇറങ്ങിയോടാനൊരുങ്ങിയപ്പോൾ അനുവിന്റെ വീൽച്ചെയറിൽ കാല് തട്ടി മറിഞ്ഞു വീണു. കാലിലൊരു ചെറിയ മുറിവു പറ്റിയതേയുള്ളൂ. മറ്റൊന്നും സംഭവിച്ചില്ല. ലിസ്സി ടീച്ചറായിരുന്നു ക്ലാസ്സിൽ. ടീച്ചറ് കാല്

പരിശോധിച്ചായിരുന്നു. കുഴപ്പമൊന്നുമില്ല, നടന്നു പോയ്ക്കോള്ളാമെന്ന് അഭി പറഞ്ഞു.

മായ : എന്താ, അഭീഷ് - ലയ പറഞ്ഞത് ശരിയാണോ ?!

[ അഭീഷ് അതേ എന്ന അർത്ഥത്തിൽ തലയാട്ടുന്നു. കുനിഞ്ഞു നില്ക്കുന്നു. ]

റോഷൻ : ടീച്ചറേ, എന്റെ വീട്ടിന്റടുത്താ, അഭീടെ വീട്. ഇന്നലെ വൈകിട്ട് ഞങ്ങൾ മൈതാനത്ത് നിന്ന് കളിക്കുമ്പോൾ അഭി സൈക്കിൾ ചവിട്ടി അതിലേ പോകുന്നതു കണ്ടതാരുന്നു.

[ കുട്ടികൾ ചിരിക്കുന്നു. റോഷൻ വിജയശ്രീലാളിതനെപ്പോലെ ഇരിക്കുന്നു. ]

അഭീഷിന്റെ അമ്മ : ഓഹോ, ഇപ്പോൾ എല്ലാരും കൂടി എന്റെ കുഞ്ഞിനെ കള്ളനാക്കുന്നോ.

മായ : അല്ല, അങ്ങനെയല്ല. അഭിയുടെ അമ്മ സത്യാവസ്ഥ മനസ്സിലാക്കാതെ എടുത്തു ചാടിയതു കൊണ്ടല്ലേ. എല്ലാ കുട്ടികളെയും ഒരുപോലെ കാണണ്ടേ?

അഭീഷിന്റെ അമ്മ : എനിക്കെന്റെ കുഞ്ഞിന്റെ കാര്യം നോക്കിയാൽ മതി.

മായ : അങ്ങനെ പറയരുത്! നോക്കൂ, അവരെത്ര നല്ല കൂട്ടുകാരാണെന്നറിയാമോ?

അഭീഷിന്റെ അമ്മ : വേണ്ട, കാലില്ലാത്തോം കണ്ണില്ലാത്തോം കുട്ടികളുടെ കൂട്ട് എന്റെ മകന് വേണ്ട.

മായ : [ രോഷത്തോടെ ] നിങ്ങളെന്ത് അസംബന്ധമാണീ പറയുന്നത് ? ഈ നില്ക്കുന്നതും ഒരമ്മയാണെന്ന കാര്യം നിങ്ങളോർക്കണം.

അഭീഷിന്റെ അമ്മ : എനിക്ക് എന്റെ മകന്റെ കാര്യമാണ് വലുത്.

ജെസീന്ത : [ദുഃഖത്തോടെ] സാരമില്ല, ടീച്ചർ... ഇങ്ങനെയുള്ള ഒരുപാടു വാക്കുകൾ ഞാൻ കേട്ടിട്ടുണ്ട്....

മായ : കുട്ടികളുടെ മനസ്സിൽ ഇങ്ങനെ വിഷം നിറയ്ക്കരുത്. അവരെ സ്വതന്ത്രരായി വിടൂ. ഇതൊരു പൊതുവിദ്യാലയമാണ്.

അഭീഷിന്റെ അമ്മ : ഞാനന്നേ പറഞ്ഞതാ, എന്റെ കുഞ്ഞിനെ ഈ സ്കൂളിൽ ചേർക്കേണ്ടെന്ന്. സി.ബി.എസ്സ്.സി.യിൽ പഠിച്ചോണ്ടിരുന്നതാ. അപ്പം അവന്റെ ഡാഡിക്ക് ഒരേ വാശി - മോനെ സർക്കാർ സ്കൂളിൽ ചേർത്തേ അടങ്ങൂ.

മായ : അതുകൊണ്ടെന്താ, അഭി മിടുക്കനല്ലേ! ഈ ക്ലാസ്സിലെ സെക്കന്റ് ലീഡറാണവൻ.

ജെസീന്ത : ടീച്ചർ, ഞാൻ പോയ്ക്കോട്ടേ - ?

മായ : [ ജസീന്തയുടെ അടുത്തു ചെന്ന് ആശ്വസിപ്പിക്കുന്നു.] ഇതൊന്നും സാരമാക്കണ്ട. വിഷമിക്കാതെ പോയ്ക്കോളൂ...

[ ജെസീന്ത സാരിത്തലപ്പു കൊണ്ട് കണ്ണീരൊപ്പുന്നു. കൈവീശി മകളോടും മറ്റെല്ലാരോടുമായി യാത്ര പറഞ്ഞിട്ട് നടന്നു പോകുന്നു. കുട്ടികളും തിരിച്ച് കൈവീശുന്നു. ]

[ മായ അഭിയുടെ അടുത്തെത്തി അവനോടെന്തോ ചോദിക്കുന്നു. കുനിഞ്ഞ് അവന്റെ കാലിലൊന്ന് തൊടുന്നു. വീണ്ടും എന്തോ ചോദിക്കുന്നു. അവൻ ചിരിക്കുന്നു. അവനെ പിടിച്ച് ബഞ്ചിൽ കൊണ്ടിരുത്തുന്നു. തിരിഞ്ഞ് മേശയ്ക്കടുക്കലെത്തുന്നു. ]

അഭീഷിന്റെ അമ്മ : [ അല്പനേരം ഇതെല്ലാം നോക്കി നില്ക്കവേ, മനസ്സലിവ് ഉണ്ടാകുന്നു. നടന്ന് ടീച്ചറിന്റെ അടുത്തെത്തി ടീച്ചറിന്റെ കൈകളിൽ പിടിക്കുന്നു. ]

സോറി, ടീച്ചർ. ഞാനല്പം റഫായിപ്പോയി... സോറി...

മായ : എന്നോടെന്തിനാ സോറി പറയുന്നത്? നിങ്ങൾ സോറി പറയേണ്ടത് ആ പോയ സ്ത്രീയോടായിരുന്നു.... ങാ, സാരമില്ല. അതെല്ലാം പോകട്ടെ. പോയ്ക്കോളൂ.

[ ടീച്ചർ തിരിഞ്ഞ് ക്ലാസ്സെടുക്കാനുള്ള തയ്യാറെടുപ്പാരംഭിക്കുന്നു. ]

അഭീഷിന്റെ അമ്മ : [ നടന്ന് അനുവിന്റെ അടുത്തെത്തി അവളുടെ ചുമലുകളിൽ ഇരു കൈകളും വച്ചു കൊണ്ട് ] സോറി, മോളേ..!

അനു : അയ്യോ – അമ്മേ – ഞാൻ!!!

[ അനു സ്തംഭിച്ചിരിക്കുന്നു. ക്ലാസ്സാകെ ഒരു നിമിഷം നിശ്ശബ്ദമാകുന്നു. അഭിയുടെ അമ്മ തിരിഞ്ഞ് പുറത്തേക്ക് നടന്നു മറയുന്നു.]

മായ : ശരി, ശരി. എല്ലാം പോകട്ടെ. ഇന്ന് നമുക്ക് നല്ലൊരു ദിവസമാണ്...

റോഷൻ : ടീച്ചറേ, അനുമോളുടെ ബർത്ത്ഡേയല്ലേ...

മായ : അതേ, അതേ... ബാക്കിയൊല്ലാം മറന്നേരേ. എവിടെ നമ്മുടെ ബർത്ത്ഡേ കുട്ടി ? എല്ലാവരും എണീറ്റ് നില്ക്ക്... നമുക്ക് ഒരുമിച്ച് പിറന്നാൾ ആശംസ നേരാം.

[ എല്ലാവരും എണീറ്റ് നില്ക്കുന്നു. ഒരേ സ്വരത്തിൽ "ഹാപ്പി ബർത്ത്ഡേ ടു യൂ അനുമോൾ" എന്ന് മൂന്നു തവണ പറയുന്നു. അനു പൊതി ടീച്ചറിനു നേരേ നീട്ടുന്നു. കുട്ടികൾ നോക്കിയിരിക്കുന്നു. ടീച്ചർ നടന്നടുത്തു ചെന്ന് പൊതി വാങ്ങുന്നു. ]

മായ : ഇതെന്തുവാ – ഇതാർക്കാ...?

അനു : ടീച്ചറിനാ...

മായ : [ ടീച്ചർ പൊതി അഴിക്കുന്നു. മുഖത്ത് ആഹ്ലാദം. ]

ഹായ്!.. താങ്ക് യൂ...!!!

കുട്ടികൾ : ടീച്ചറേ, നോക്കട്ടേ-

[ ടീച്ചർ പടം എല്ലാവരെയും കാണിക്കുന്നു. കുട്ടികൾ കൈയടിക്കുന്നു. ]

റോഷൻ : ടീച്ചറിനു മാത്രമേയുള്ളോ, ഞങ്ങൾക്കൊന്നുമില്ലേ...?

[ അനു ബാഗിൽ നിന്ന് മിഠായിപ്പൊതി എടുത്ത് ലയയെ ഏല്പിക്കുന്നു. ലയ അത് ക്ലാസ്സ് ടീച്ചറിന്റെ കൈയിൽ കൊണ്ടു കൊടുക്കുന്നു. ടീച്ചർ അത് പൊട്ടിക്കുന്നു. ]

[ഹെഡ്മാസ്റ്റർ പ്രവേശിക്കുന്നു. പെട്ടെന്ന് ക്ലാസ്സ് നിശ്ശബ്ദമാകുന്നു. ]

മായ : ഗുഡ് മോർണിംഗ് സാർ.

ഹെഡ്മാസ്റ്റർ : ഗുഡ് മോർണിംഗ്

കുട്ടികളെല്ലാവരും : [ എഴുന്നേറ്റ്, ഒരുമിച്ച് ] ഗുഡ് മോർണിംഗ് സാർ ...

ഹെഡ്മാസ്റ്റർ : [ എല്ലാവരോടുമായി ] ഗുഡ് മോർണിംഗ്, ഗുഡ് മോർണിംഗ്... എന്താ, ഇവിടെയൊരു മിഠായിപ്പരിപാടി ?

കുട്ടികളെല്ലാവരും : അനുമോളുടെ ബർത്ത് ഡേ -

റോഷൻ : എച്ചെമ്മേ, അനുമോൾ മായട്ടീച്ചറിന് ഒരു പടം വരച്ചു കൊടുത്തു!

ഹെഡ്മാസ്റ്റർ : [ റോഷനോടായി ] നീയെന്നെ എച്ചെമ്മേന്ന് വിളിക്കണ്ട. സാറേന്ന് വിളിച്ചാൽ മതി. [ മായട്ടീച്ചറിനോടായി ] എവിടെ, പടം? നോക്കട്ടെ.

[ മായട്ടീച്ചർ ചിത്രമെടുത്ത് കൊടുക്കുന്നു. ഹെഡ്മാസ്റ്റർ വാങ്ങി നോക്കുന്നു. ചിത്രം തിരിച്ചേല്പിക്കുന്നു. ഹെഡ്മാസ്റ്റർ അനുവിന്റെ അടുത്തെത്തി പിറന്നാളാശംസകൾ നേരുന്നു. അനു താങ്ക് യൂ സാർ എന്ന് പറയുന്നു. ഹെഡ്മാസ്റ്റർ തിരിഞ്ഞ് ടീച്ചറിനോടും കുട്ടികളോടുമായി പറയുന്നു ]

ഹെഡ്മാസ്റ്റർ : ഞാൻ മറ്റൊരു കാര്യം പറയാനാ, വന്നത്. ഇന്ന് രാവിലെ മെയിലിൽ വന്ന ഒരു വാർത്തയാണ്. ഈ ക്ലാസ്സിലെ ഒരു കുട്ടി ഒരു വലിയ പ്രശ്നം ഒപ്പിച്ചു വച്ചിരിക്കുന്നു...

[ ഒന്നു നിർത്തിയിട്ട് കുട്ടികളെ സൂക്ഷിച്ചു നോക്കുന്നു. എല്ലാവരും പരിഭ്രമത്തോടെ സാറിനെയും ടീച്ചറെയും പരസ്പരവും നോക്കുന്നു. ] അടുത്ത ശനിയാഴ്ച തിരുവനന്തപുരത്തെത്തണമെന്ന് വിദ്യാഭ്യാസ മന്ത്രി അറിയിച്ചിരിക്കുന്നു. [ വീണ്ടും ഒന്നു നിർത്തിയിട്ട് ] എന്താ കാര്യമെന്നു മനസ്സിലായോ ? ഇല്ല, അല്ലേ...? എന്നാൽ പറയാം. ശ്രദ്ധിച്ചു കേട്ടോണം. [ വീണ്ടും ഒന്നു നിർത്തിയിട്ട് ] കഴിഞ്ഞ ശിശുദിനത്തിന് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പെയിന്റിംഗ് മത്സരത്തിൽ അനുമോൾ ഒരു ചിത്രം വരച്ചത് അടച്ചുകൊടുത്തില്ലേ...! ആ ചിത്രത്തിനാണ് സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചിരിക്കുന്നത്! അനുമോൾ നമ്മുടെ സ്കൂളിന് അഭിമാനമുണ്ടാക്കിയിരിക്കുന്നു!...

[ കുട്ടികളെല്ലാവരും എണീറ്റു നിന്ന് കൈയടിക്കുന്നു. അല്പം കഴിഞ്ഞ് ടീച്ചർ എല്ലാവരെയും ഇരുത്തുന്നു. ടീച്ചർ കുറച്ച് മിഠായി എടുത്ത് കൊണ്ട് ചെന്ന് അനുവിന്റെ കൈയിൽ കൊടുക്കുന്നു. അനു അത് ഹെഡ്മാസ്റ്ററിനു നല്കിയിട്ട്, അദ്ദേഹത്തിന്റെ കാലുകളിൽ തൊടാനായി കുനിയുന്നു. അവൾ വീഴാനൊരുങ്ങുന്നു. ഹെഡ്മാസ്റ്റർ പെട്ടെന്നവളെ താങ്ങി നേരേ ഇരുത്തുന്നു. അവളെ അഭിനന്ദിക്കുന്നു. പിന്നെ കുട്ടികളോടും ടീച്ചറോടും യാത്ര പറഞ്ഞ് പുറത്തേക്കിറങ്ങുന്നു. ]

കുട്ടികളെല്ലാവരും : [ എഴുന്നേറ്റ്, ഒരുമിച്ച് ] താങ്ക് യൂ സാർ!!!

[ ഒരു നിമിഷം അവരങ്ങനെതന്നെ നില്ക്കുന്നു. ]

( കർട്ടൻ )

**- നാടകം അവസാനിച്ചു -**

# പിൻകുറിപ്പ്

ലിറ്റിൽ കൈറ്റ്സിൽ നിന്നുള്ള
നിർദ്ദേശമനുസരിച്ചാണ് ഇങ്ങനെയൊരു മാസിക-
ഡിജിറ്റൽമാസിക തയ്യാറാക്കിയത്.
കഴിഞ്ഞ വർഷവും കോയിക്കൽ സ്കൂളിൽ നിന്ന്
സ്പാക്ക് എന്ന പേരിൽ ഒരു ഡിജിറ്റൽ മാസിക
തയ്യാറാക്കി സമർപ്പിച്ചിരുന്നു.
അത് സ്കൂൾ വിക്കിയിൽ അന്ന്
പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.
കൈറ്റിന്റെ ഈ ഉദ്യമം എല്ലാ വിദ്യാലയങ്ങൾക്കും
ഒരു ആവേശം പകർന്നിട്ടുണ്ട്.
നമ്മുടെ സ്കൂളിലെ പ്രഗല്ഭരായ കുറേ കുട്ടികൾക്ക്
ഇതിന്റെ പ്രവർത്തനങ്ങളിൽ നേരിട്ടും അല്ലാതെയും
പങ്കാളികളാകാൻ അവസരം കിട്ടി.
അത് അവർക്ക് നല്ല അനുഭവങ്ങളും
ആത്മവിശ്വാസവും പകർന്നിട്ടുണ്ട്.
പലരുടെയും നല്ല പരിശ്രമത്തിന്റെ ഫലമാണ്
ഇത്രയും മെച്ചമാർന്ന ഒരു മാസിക
തയ്യാറാക്കാൻ സാധിച്ചത്.
ങ്ങളോടൊപ്പം സഹകരിച്ച എല്ലാവർക്കും
നന്ദിയുടെ പൂച്ചെണ്ടുകൾ...

- എഡിറ്റർ

* * * * *